ശ്രീ. സി. കേശവൻ: ഇൻഡ്യാഗവണ്മെൻറിന്റെ സ്റ്റാഫാണ് സർവ്വെ നടത്തിയത്. അവക്ക് താമസസൗകര്യങ്ങളും മറ്റും ഉണ്ടാക്കിക്കൊടുക്കുക മാത്രമേ ഈ ഗവണ്മെൻറ് ചെയ്ത കൊടുത്തുള്ളൂ. അല്ലാതെ സർവ്വെ കാര്യത്തിൽ ഗവണ്മെൻറിന് കാര്യമില്ല.

ശ്രീ. ഈപ്പൻ അറക്കൽ: സ്റ്റാഫിൽ ഈ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇ. പി. പൗലോസ്: ഏതു ഭാഗത്താണ് സർവ്വെ നടത്തിയത്?

ശ്രീ. സി. കേശവൻ: അറിവില്ല.

ശ്രീ. ഇ. പി. പൗലോസ്: ഇന്ന ലൈനിൽകൂടി പോകണമെന്ന് വല്ല നിർദ്ദേശവും ഈ ഗവണ്മെൻറ് കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ ഗവണ്മെൻറിനു് ആ വിഷയത്തിൽ ഒരഭിപ്രായമില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഈ മാതിരി വിഷയങ്ങളിൽ ഈ ഗവണ്മെൻറിന്റെ അഭിപ്രായം ചോദിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനുമുമ്പ് എപ്പോഴെങ്കിലും സർവ്വെ നടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ റിപ്പോർട്ട് ഇപ്പോൾ ഗവണ്മെൻറിന്റെ കയ്യിലുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ വിവരം ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ചിന്നക്കട പഴയ റോഡ്

*ക്ഷ ക്ഷ ര ഛ. (ക്ഷ ര) സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ചിന്നക്കട പഴയറോഡ് തുറക്കുന്നതിനു പൊതുജനങ്ങൾ ഗവണ്മെൻറിൽ പണം കെട്ടിവച്ചിട്ട് എത്ര കൊല്ലമായി;

(ബി) റോഡ് തുറക്കുന്നകാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഗവണ്മെൻറിനു പണം കിട്ടിയിട്ടില്ല. ക്ഷ ക ഛ-ൽ മുനിസിപ്പാലിറ്റിയിൽ നി, ഠ ഠ ഠ രൂപാ കെട്ടിവച്ചിട്ടുണ്ട്.

(ബി) ക്ഷ ഭ,ന്ന ര ള രൂപയുടെ എസ്റ്റിമേറ് അനുവദിച്ചിട്ടുണ്ട്. ക്ഷന,ന്ന വ്വ രൂപയുടെ ജോലി തെൻ ഇൻഡ്യാ റെയിൽവേ നടത്തണം. അതു് കമ്പനിയെ ഏല്പിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇതു് ആരു് ഏല്പിച്ചു?

ശ്രീ. സി. കേശവൻ: പി. ഡബ്ലിയു. ഡി. ആണ് കമ്പനിയെ ഏല്പിച്ചതു്. അതു് മുനിസിപ്പാലിറ്റിയിൽനിന്നും പണം വാങ്ങിച്ചായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly